## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 419 — 29.06.2015-ൽ മറുപടിയ്ക്ക്

# ബാലുശ്ശേരി കിനാലൂർ 110 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം.

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
|---|---|
| (എ) ബാലുശ്ശേരി നിയമസഭാ മണ്ഡലത്തിലെ കിനാലൂർ 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ മൂന്നാം വാർഷികത്തിലും സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 110 കെ.വി. കിനാലൂർ സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) രണ്ട് ഏക്കർ ഭൂമിയും സബ് സ്റ്റേഷൻ നിർമ്മിക്കാൻ ആവശ്യമായ തുകയും കെ. എസ്. ഐ. ഡി. സി. ലഭ്യമാക്കിയിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിലെ സാങ്കേതിക തടസ്സം എന്താണെന്ന് അറിയിക്കാമോ ; | (ബി) കെ. എസ്. ഐ. ഡി. സി. സ്ഥലം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറിയ മുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) സബ്സ്റ്റേഷൻ നിർമ്മാണത്തിൽ കഴിവും താല്പര്യവുമുള്ള ഉദ്യോഗസ്ഥരുടെ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് തുടർ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) 110 കെ.വി. കിനാലൂർ സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വടകര ട്രാൻസ്മിഷൻ കൺസ്ട്രക്ഷൻ സബ്ഡിവിഷന്റെ കീഴിലാണ് നടന്നുവരുന്നത്. ടി പ്രവൃത്തികൾ തൃപ്തികരമായി പുരോഗമിക്കുന്നതിനാൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കേണ്ട ആവശ്യകത ഇപ്പോൾ നിലവിലില്ല. |
| (ഡി) ഇതു സംബന്ധിച്ച് ഒരു ഉന്നത തലയോഗം വിളിക്കുന്ന കാര്യം പരിഗണിക്കാമോ ? | (ഡി) സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തൃപ്തികരമായി പുരോഗമിക്കുന്നതിനാൽ ഉന്നതതല യോഗം വിളിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.